<u>ഉത്തരം</u>

(എ&ബി) 2019-20 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനകളിലൂടെ അനുവദിച്ച തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ) അക്കൗണ്ടന്റ് ജനറലിന്റെ 2020 ജനുവരി 31 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരമുള്ള ചെലവ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) പദ്ധതി വിഹിതത്തിൽനിന്നും തുകയൊന്നുംതന്നെ വെട്ടിക്കുറച്ചിട്ടില്ല.

**2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ**

73 (2055) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഏതൊക്കെ നിർദ്ദേശങ്ങൾ ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ ഇതിനകം നടപ്പിലാക്കുവാൻ സാധിക്കാത്തത് ഏതൊക്കെയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹിക ക്ഷേമപെൻഷൻ കുടിശ്ശിക**

74 (2057) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹിക ക്ഷേമ പെൻഷനുകൾ കുടിശ്ശിക തീർത്ത് നൽകുന്ന സമയത്ത് പെൻഷണർ മരണപ്പെട്ട് പോയിട്ടുണ്ടെങ്കിൽ മരണമടഞ്ഞ തീയതി വരെയുള്ള കുടിശ്ശിക പെൻഷൻ ആശ്രിതർക്ക് നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താവ് മരണപ്പെടുകയാണെങ്കിൽ കുടിശ്ശിക പെൻഷൻ ആശ്രിതർക്ക് നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകളുടെ കാര്യത്തിൽ അതത് ബോർഡ് നിയമപ്രകാരം കുടിശ്ശിക ലഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly